പരപ്പനങ്ങാടി മിനി ഫിഷിംഗ് ഹാർബറിന്റെ ഇൻവെസ്റ്റിഗേഷൻ

92 [1895] ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ, പരപ്പനങ്ങാടി പ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ വള്ളങ്ങൾ ബേപ്പൂർ അഴിമുഖത്തെ ഒഴുക്കിൽപ്പെട്ട് തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവർക്ക് നഷ്ടപരിഹാരം നൽകാനുള്ള എന്ത് നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) താനൂർ, പരപ്പനങ്ങാടി പ്രദേശങ്ങളിൽ മിനിഫിഷിംഗ് ഹാർബർ ഇല്ലാത്തതിനാലാണ് ഇവിടെയുള്ള മത്സ്യത്തൊഴിലാളികൾ ബേപ്പൂരിലെ അഴിമുഖത്ത് വള്ളങ്ങൾ കയറ്റിവെയ്ക്കാൻ നിർബന്ധിതമായത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പരപ്പനങ്ങാടി മിനി ഫിഷിംഗ് ഹാർബർ നിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷന് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്നു നൽകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മത്സ്യഫെഡ് മുഖേന വായ്പയെടുത്ത് വാങ്ങിയിട്ടുള്ള മത്സ്യബന്ധന യാനങ്ങൾക്കും മത്സ്യബന്ധന ഉപകരണങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷയുണ്ട്.

(സി) ഉണ്ട്.

(ഡി ആന്റ് ഇ) പരപ്പനങ്ങാടിയിൽ മിനിഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള അന്വേഷണ-ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 10.70 ലക്ഷം രൂപ അടങ്കൽ തുകവരുന്ന എസ്റ്റിമേറ്റിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനുള്ള സംവിധാനം

93 [1896] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനുള്ള സംവിധാനം എല്ലാ തീരദേശ ജില്ലകളിലും ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly